# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1926

06.02.2019-ൽ മറുപടിക്ക്

## സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തിക

| ചോദ്യം<br>ശ്രീ. കെ.എസ്. ശബരീനാഥൻ | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കുള്ള നിയമനം കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ നിന്നും ഒഴിവാക്കി ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയ്ക്ക് പ്രത്യേക കേഡർ രൂപവത്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപവത്കരിച്ചത്; | (ബി) | 03/02/2016-ലെ സ.ഉ. (പി) നം. 8/2016/പൊഭവ ഉത്തരവ് പ്രകാരം രൂപവത്കരിച്ചിട്ടുണ്ട്. |
| (സി) | സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയ്ക്ക് വിശേഷാൽ ചട്ടം അനുസരിച്ച് നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (സി) | 9 ഒഴിവുകൾ. |
| (ഡി) | ചട്ടം ഭേദഗതി ചെയ്ത് പുതിയ കേഡർ രൂപവത്കരിക്കുകയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ, സെക്രട്ടേറിയറ്റ് | (ഡി) | സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയ്ക്കുമാത്രമായി പരീക്ഷ നടത്തുന്നത് പി.എസ്.സി.-യ്ക്ക് ഭീമമായ ചെലവുണ്ടാക്കുമെന്നതിനാൽ സമാന |

| | | | |
|---|---|---|---|
| | ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയ്ക്ക് പി. എസ്. സി. വിജ്ഞാപനം പ്രസിദ്ധീകരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | | തസ്തികയോടൊപ്പം തെരെഞ്ഞെടുപ്പ് നടത്തുന്നതിന് ഇപ്പോൾ വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ട തില്ലെന്ന് പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ നിന്നും സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കുള്ള നിയമനം ഒഴിവാക്കിയ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിന് പുറമെ ഏതൊക്കെ വകുപ്പുകളിലെ സമാന തസ്തികയിലേക്കുള്ള നിയമന ങ്ങളാണ് ഒഴിവാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത തസ്തികകളിലേക്ക് മേൽപ്പറഞ്ഞ പ്രത്യേക കേഡർ പ്രകാരം റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; | (ഇ) | 24/04/2018-ലെ സ.ഉ. (പി) നം. 6/2018/ഉഭപവ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (എഫ്) | 2018 ഡിസംബർ മാസം കൂടിയ പി.എസ്.സി. ബോർഡ് യോഗത്തിൽ പുതിയ വിജ്ഞാപനങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തിരുന്നോ; പ്രസ്തുത യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയ സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ വിജ്ഞാപനം മാത്രം ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയ്ക്ക് മാത്രമായി പരീക്ഷ നടത്തുന്നതിന് കമ്മീഷന് ഭീമമായ ചെലവ് വേണ്ടിവരുമെന്നതിനാൽ സമാന തസ്തികയോടൊപ്പം തെരെഞ്ഞെടുപ്പ് നടത്തുന്നതിനായി ഇപ്പോൾ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് 17.12.2018-ൽ ചേർന്ന കമ്മീഷന്റെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ജി) | സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയ്ക്ക് ഈ വർഷം വിജ്ഞാപനം പുറപ്പെടുവിക്കാൻ നടപടി ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ? | (ജി) | കമ്മീഷന്റെ തീരുമാനത്തിനനുസൃതമായി പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2018 മേയ് 2<br>2nd May 2018<br>1193 മേടം 19<br>19th Medam 1193<br>1940 വൈശാഖം 12<br>12th Vaisakha 1940 | നമ്പർ<br>No. | 1173 |

## GOVERNMENT OF KERALA

## Personnel and Administrative Reforms (Rules) Department

### NOTIFICATION

G. O. (P) No. 6/2018/P&ARD. *Dated, Thiruvananthapuram,* *24th April, 2018*
*11th Medam, 1193*
*4th Vaisakha, 1940.*

**S. R. O. No. 273/2018.**—In exercise of the powers conferred by sub-section (1) of section 2 of the Kerala Public Services Act, 1968 (19 of 1968), read with section 3 thereof, the Government of Kerala hereby make the following rules further to amend the Special Rules for the Kerala Last Grade Service issued by Notification under G. O. (P) No. 82/66/Public (Rules) Department dated 8th March, 1966 and published in Part I of the Kerala Gazette No. 14 dated 5th April, 1966, namely:—

## RULES

1. *Short title and commencement.*—(1) These rules may be called the Kerala Last Grade Service (Amendment) Special Rules, 2018.

(2) They shall be deemed to have come into force on the 4th day of February, 2016.

2. *Amendment of the rules.*—In the Special Rules for the Kerala Last Grade Service, in rule 1, in category 2, in item (k) for the words "Office Attendant", the following words shall be substituted, namely:—

"Office Attendant in various Departments other than Secretariat"

By order of the Governor,

BISHWANATH SINHA,
*Principal Secretary to Government.*

### Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

As per notification issued under G. O. (P) No. 8/2016/GAD, dated 3rd February, 2016 and published as S.R.O. No. 107/2016 in the Kerala Gazette Extraordinary No. 271 dated 4th February, 2016 the Government have amended the Special Rules for the Kerala Secretariat Subordinate Service published as notification under G. O. (P) No. 208 of the General Administration (Rules) Department dated 5th July, 1967 to include the Last Grade Employees in the Secretariat, including Law and Finance Department, in the Kerala Secretariat Subordinate Service. Hence, the post of Office Attendant in Government Secretariat has to be omitted from category 2 (k) of rule 1 of the Special Rules for the Kerala Last Grade Service.

The notification is intended to achieve the above object.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2018.